**മധുരമായ കുട്ടികളേ – നിങ്ങൾക്ക് പ്രഭുകുമാരനിൽ നിന്ന് രാജകുമാരനാകണം, അതിനാൽ ഓർമ്മയുടെ യാത്രയിലൂടെ തന്റെ വികർമ്മങ്ങളെ ഭസ്മമാക്കൂ.**

**ചോദ്യം:–** ഏതൊരു വിധിയിലൂടെ നിങ്ങളുടെ എല്ലാ ദു:ഖവും ഇല്ലാതാകും?
**ഉത്തരം:–** എപ്പോഴാണോ നിങ്ങൾ നിങ്ങളുടെ ദൃഷ്ടി ബാബയുടെ ദൃഷ്ടിയുമായി ലയിപ്പിക്കുന്നത്, അതായത് ദൃഷ്ടി ലഭിക്കുന്നതിലൂടെ നിങ്ങളുടെ എല്ലാ ദു:ഖവും ഇല്ലാതാകും. എന്തുകൊണ്ടെന്നാൽ സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നതിലൂടെ എല്ലാ പാപവും ഭസ്മമാകും. ഇതാണ് നിങ്ങളുടെ ഓർമ്മയുടെ യാത്ര. നിങ്ങൾ ദേഹത്തിന്റെ എല്ലാ ധർമ്മവും ഉപേക്ഷിച്ച് ബാബയെ ഓർമ്മിക്കൂ, അതിലൂടെ ആത്മാവ് സതോപ്രധാനമാകും, നിങ്ങൾ സുഖധാമത്തിന്റെ അധികാരിയാകും.

**ഓം ശാന്തി**. ശിവഭഗവാനു വാച, സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ഇരിക്കൂ. ബാബ നിർദ്ദേശിക്കുന്നു ശിവ ഭഗവാനുവാച അർത്ഥം ശിവബാബ മനസ്സിലക്കി തരുന്നു കുട്ടികളേ സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ഇരിക്കൂ എന്തുകൊണ്ടെന്നാൽ നിങ്ങൾ എല്ലാവരും സഹോദരങ്ങളാണ്. ഒരേയൊരു ബാബയുടെ കുട്ടികളാണ്. ഏതുപോലെ 5000 – വർഷം മുൻപും ബാബയിൽ നിന്ന് സമ്പത്ത് എടുത്തു, അതുപോലെ ഇപ്പോഴും സമ്പത്ത് എടുക്കണം. ആദി സനാതന ദേവീ – ദേവതാ രാജധാനിയിലായിരുന്നു. നിങ്ങൾക്ക് സൂര്യ വംശീ അർത്ഥം വിശ്വത്തിന്റെ അധികാരി എങ്ങനെയാകാം ബാബ ഇരുന്ന് മനസ്സിലാക്കിച്ചുതരുന്നു. നിങ്ങൾ നിങ്ങളുടെ ബാബയെ ഓർമ്മിക്കൂ. നിങ്ങൾ എല്ലാ ആത്മാക്കളും സഹോദരങ്ങളാണ്. ഉയർന്നതിലും ഉയർന്ന ഭഗവാൻ ഒന്നേയുള്ളൂ. ആ സത്യമായ പ്രഭുവിന്റെ കുട്ടികൾ പ്രഭു കുമാരന്മാരാണ്. ഇത് ബാബ ഇരുന്ന് മനസ്സിലാക്കിച്ചു തരുകയാണ്, അതായത് ആ ബാബയുടെ ശ്രീമത്തിൽ ബുദ്ധിയോഗം വയ്ക്കൂ എങ്കിൽ നിങ്ങളുടെ പാപം ഭസ്മമാകും. എല്ലാ ദു:ഖവും ഇല്ലാതാകും. ബാബയുമായി എപ്പോഴാണോ നമ്മുടെ ദൃഷ്ടി കൂടിച്ചേരുന്നത് അപ്പോൾ എല്ലാ ദു:ഖവും ഇല്ലാതാകും. കണ്ണുകൾ കൂടിച്ചേരുന്നതിന്റേയും അർത്ഥം മനസ്സിലാക്കിച്ചുതരുന്നു. സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ, ഇതാണ് ഓർമ്മയുടെ യാത്ര. ഇതിനെ യോഗാഗ്നി എന്നും പറയുന്നു. ഈ യോഗാഗ്നിയിൽ നിങ്ങളുടെ ജന്മ – ജന്മാന്തരത്തെ ഏതൊരു പാപമാണോ ഉള്ളത്, അത് ഭസ്മമാകും. ഇത് ദു:ഖധാമാണ്. എല്ലാവരും നരകവാസികളാണ്. നിങ്ങൾ വളരെയധികം പാപം ചെയ്തു, ഇത് രാവണ രാജ്യവും, സത്യയുഗം രാമരാജ്യവുമാകുന്നു. നിങ്ങൾ അങ്ങനെ മനസ്സിലാക്കിച്ചു കൊടുക്കൂ. എത്ര തന്നെ വല്ലിയ സഭ ഇരുന്നോട്ടെ, പക്ഷേ നിങ്ങൾക്ക് പ്രഭാക്ഷണം ചെയ്യുന്നതിൽ യാതൊരു തടസ്സവുമില്ല. നിങ്ങൾ ഭഗവാന്റെ വാക്യങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കൂ. ശിവഭഗവാനു വാച – നമ്മൾ എല്ലാ ആത്മാക്കളും ആ ബാബയുടെ സന്താനമാണ്, സഹോദരങ്ങളാണ്. ബാക്കി ശ്രീകൃഷ്ണന് സന്താനമുണ്ടായിരുന്നു, അങ്ങനെ പറയില്ല. ഇത്രയും മഹാറാണിമാരും ഉണ്ടായിരുന്നില്ല. എപ്പോഴാണോ കൃഷ്ണന്റെ സ്വയംവരം കഴിയുന്നത് അപ്പോൾ പേരും മാറുന്നു. അതെ, ഇങ്ങനെ പറയും ലക്ഷ്മി – നാരായണന്റെ കുട്ടിയായിരുന്നു. രാധാ – കൃഷ്ണന്റെ സ്വയംവരത്തിന് ശേഷം ലക്ഷ്മി – നാരായണനാകുന്നു, അപ്പോൾ അവർക്ക് ഒരു കുട്ടിയും ജന്മം എടുക്കുന്നു. പിന്നീട് അവരുടെ രാജധാനി നടന്നുവരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഒരേയൊരു ബാബയെ ഓർമ്മിക്കണം. ദേഹത്തിന്റെ എല്ലാ ധർമ്മവും ഉപേക്ഷിക്കൂ, ഒരു ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ എല്ലാ പാപവും ഭസ്മമാകും. സതോപ്രധാനമായി സ്വർഗ്ഗത്തിലേയ്ക്ക് പോകും. സ്വർഗ്ഗത്തിൽ യാതൊരു ദു:ഖവും ഇല്ല. നരകത്തിൽ അളവററ ദു:ഖമാണ്. സുഖത്തിന്റെ പേരും അടയാളവും ഇല്ല. ഇങ്ങനെ യുക്തിയോടെ പറഞ്ഞുകൊടുക്കുകതന്നെ വേണം. സത്യയുഗത്തിൽ പാവനമാണ്, കലിയുഗത്തിൽ പതീതമാണ്. കലിയുഗത്തിന് ശേഷം തീർച്ചയായും സത്യയുഗം വരണം. പുതിയ ലോകത്തിന്റെ സ്ഥാപന, പഴയ ലോകത്തിന്റെ വിനാശം തീർച്ചയായും ഉണ്ടാകും. മഹിമയും പാടപ്പെടുന്നു ബ്രഹ്മാവിലൂടെ സ്ഥാപന. നമ്മൾ ബ്രഹ്മാകമാർ – കുമാരിമാർ ദത്തെടുക്കപ്പെട്ട കുട്ടികളാകുന്നു. നമ്മൾ ബ്രാഹ്മണർ ഏററവും ഉയർന്നവരാകുന്നു. വിരാട രൂപവും ഉണ്ടല്ലോ. അതിനാൽ ആദ്യം തീർച്ചയായും ബ്രാഹ്മണൻ ആകണം. ബ്രഹ്മാവും ബ്രാഹ്മണനാണ്. ദേവതമാർ സത്യയുഗത്തിലാണ്. സത്യയുഗത്തിൽ സദാ സുഖം, ദു:ഖത്തിന്റെ പേരുപോലും ഇല്ല. കലിയുഗത്തിൽ അപരമപാരം ദു:ഖം, എല്ലാവരും ദു:ഖിതർ. ദു:ഖമില്ലാത്ത ഒരാളുപോലും ഇല്ല. ഇത് രാവണ രാജ്യമാണ്. ഈ രാവണൻ ഭാരത ത്തിന്റെ നമ്പർ വൺ ശത്രുവാണ്. ഓരോരുത്തരിലും അഞ്ച് വികാരമുണ്ട്. സത്യയുഗത്തിൽ യാതൊരു വികാരവും ഇല്ല. അത് പവിത്ര ഗൃഹസ്ഥ ധർമ്മമാണ്. ഇപ്പോൾ ദു:ഖത്തിന്റെ പർവ്വതം വീണിരിക്കുകയാണ്, ഇനിയും വീഴും. ഇത്രയും ബോംബും മററും തയ്യാറാക്കുന്നത് വെറുതേ വയ്ക്കുന്നതിനു വേണ്ടിയല്ല. വളരെ ആഴത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നു, പിന്നീട് റിഹേഴ്സലുമുണ്ടാകും, അതിനു ശേഷം ഫൈനലുമുണ്ടാകും. ഇപ്പോൾ സമയം വളരെ കുറവാണ്, നാടകം

അതിന്റെ സമയത്ത് പൂർത്തിയാകുക തന്നെ വേണമല്ലോ.

ആദ്യമാദ്യം ശിവബാബയുടെ ജ്ഞാനം ഉണ്ടായിരിക്കണം. ഏതെങ്കിലും പ്രഭാക്ഷണവും മററും ആരംഭിക്കുമ്പോൾ എല്ലായ്പ്പോഴും ആദ്യമാദ്യം പറയണം ശിവായ നമ: എന്തുകൊണ്ടെന്നാൽ ശിവബാബയുടെ ഏതൊരു മഹിമയാണോ ഉള്ളത്, അത് മററാർക്കും ഉണ്ടാകുവാനേ കഴിയില്ല. ശിവജയന്തി വജ്രജ തുല്ല്യമാണ്. കൃഷ്ണന് ചരിത്രവും മററും ഒന്നുമില്ല. സത്യയുഗത്തിൽ കൊച്ചുകുട്ടികൾപോലും സതോപ്രധാനമായിരിക്കും. കുട്ടികളിൽ യാതൊരു ചഞ്ചലതയും ഉണ്ടായിരിക്കില്ല. കൃഷ്ണനെ കുറിച്ചു കാണിക്കുന്നു – വെണ്ണ കഴിച്ചു, ഇത് ചെയ്തു, – ഇത് മഹിമയ്ക്ക് പകരം അങ്ങനെ നിന്ദ ചെയ്തിരുന്നു. ഈശ്വരൻ സർവ്വവ്യാപിയാണെന്ന് എത്ര സന്തോഷത്തോടെ പറയുന്നു. നിന്നിലുമുണ്ട്, എന്നിലുമുണ്ട്. ഇത് ഏററവും വല്ലിയ നിന്ദയാകുന്നു, പക്ഷേ തമോപ്രധാന മനുഷ്യൻ ഈ കാര്യങ്ങൾ മനസ്സിലാക്കുന്നതേയില്ല. അതിനാൽ ആദ്യമാദ്യം ബാബയുടെ പരിചയം കൊടുക്കണം – അത് നിരാകാരനയ ബാബയാണ്, ആ ബാബയുടെ പേരാണ് മംഗളകാരി ശിവൻ, സർവ്വരുടേയും സത്ഗതി ദാതാവ്. ആ നിരാകാരനായ ബാബ സുഖസാഗരനാണ്, ശാന്തി സാഗരനാണ്. ഇപ്പോൾ ഇത്രയും ദു:ഖം എന്തുകൊണ്ട് ഉണ്ടായി ? എന്തുകൊണ്ടെന്നാൽ രാവണ രാജ്യമാണ്. രാവണൻ എല്ലാവരുടേയും ശത്രുവാണ്, അതിനെ കൊല്ലുന്നു, പക്ഷേ മരിക്കുന്നില്ല. ഇവിടെ കേവലം ഒരു ദു:ഖം മാത്രമല്ല, അപരംഅപാരം ദു:ഖമാണ്. സത്യയുഗത്തിൽ അപരംഅപാരം സുഖമാണ്. 5000 വർഷം മുൻപും പരിധിയില്ലാത്ത ബാബയുടെ കുട്ടിയായി ബാബയിൽ നിന്ന് ഈ സമ്പത്ത് എടുത്തു. ശിവബാബ തീർച്ചയായും വരും, വന്ന് എന്തെങ്കിലും ചെയ്യുമല്ലോ. ആക്യുറേററ് ചെയ്യുന്ന അതിനാൽ മഹിമ പാടുന്നു. ശിവരാത്രിയും പാടുന്നു, കൃഷ്ണന്റെ രാത്രിയും പാടുന്നു. ഇപ്പോൾ കൃഷ്ണ രാത്രിയും, ശിവരാത്രിയും മനസ്സിലാക്കണം. ശിവബാബ വരുന്നത് തന്നെ പരിധിയില്ലാത്ത രാത്രിയിലും, കൃഷ്ണന്റെ ജന്മം അമൃത വേളയിലുമാണ്, അല്ലാതെ രാത്രിയില്ലല്ല. ശിവരാത്രി ആഘോഷിക്കുന്നു പക്ഷേ അതിന് പ്രത്യേകിച്ച് സമയമോ, തിയതിയോ ഇല്ല. കൃഷ്ണൻ ജനിക്കുന്നത് അമൃതവേള സമയത്താണ്. ഏററവും ശുഭ മുഹൂർത്തമാണ് അമൃതവേള. ഈ ലോകത്തുള്ളവർ കൃഷ്ണന്റെ ജന്മം 12 മണിക്ക് ആഘോഷിക്കുന്നു, പക്ഷേ അത് പ്രഭാതമാകുന്നില്ല. രാവിലെ 2 – 3 മണിയെയാണ് പ്രഭാതമെന്ന് പറയുന്നത്, എതുകൊണ്ടെന്നാൽ ആ സമയമാണ് സ്മരിക്കുന്നതും. 12 മണിക്ക് വികാരത്തിൽ നിന്ന് എഴുന്നേററ് ഒരാളുപോലും ഭഗവാന്റെ പേരുപോലും പറയുന്നില്ല, പൂർണ്ണമായിട്ടും ഇല്ല. 12 മണിയെ അമൃതവേള എന്ന് പറയുവാനേ കഴിയില്ല. ആ സമയം മനുഷ്യർ പതീതം മോശമായിരിക്കും. വായൂമണ്ഡലം പോലും അശുദ്ധമായിരിക്കും. രണ്ടര മണിക്ക് പോലും ആരും എഴുന്നേൽക്കാറില്ല. അമൃതവേളയുടെ സമയം 3 – 4 മണിയാണ്. ആ സമയം മനുഷ്യർ എഴുന്നേററ് ഭക്തി ചെയ്യുന്നു, ഈ സമയവും മനുഷ്യർ ഉണ്ടാക്കിയതാണ്, പക്ഷേ അങ്ങനെ ഒരു സമയവും ഇല്ല. അതിനാൽ നിങ്ങളും കൃഷ്ണന്റെ വേള എഴുന്നേൽക്കൂ, ശിവന്റെ വേള ആരും എഴുന്നേൽക്കുന്നില്ല. ഇതെല്ലാം സ്വയം ബാബ വന്ന് മനസ്സിലാക്കിച്ചു തരുന്നു. അതിനാൽ ആദ്യമാദ്യം ശിവബാബയുടെ മഹിമ പാടണം. ഗീതം അന്തിമത്തിൽ അല്ല, ആദ്യമേ മുഴക്കണം. ശിവബാബ ഏററവും മധുരമായ ബാബയാണ്, ആ ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു. ഇന്നേയ്ക്ക് 5000 – വർഷം മുൻപ് ഈ ശ്രീ കൃഷ്ണൻ സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരനായിരുന്നു. അവിടെ അപരംഅപാരം സുഖമായിരുന്നു. ഇപ്പോൾ പോലും സ്വർഗ്ഗത്തിന്റെ മഹിമ പാടികൊണ്ടിരിക്കുന്നു. ആരെങ്കിലും മരിച്ചാലും പറയുന്നു, ഇന്നായാൾ സ്വർഗ്ഗത്തിൽ പോയി. എന്നാൽ, ഇപ്പോൾ നരകമാണ്. സ്വർഗ്ഗമാണെങ്കിൽ പുനർജന്മവും സ്വർഗ്ഗത്തിൽ എടുക്കും. മനസ്സിലാക്കി കൊടുക്കണം നമ്മുടെ അടുത്ത് ഇത്രയും വർഷത്തെ അനുഭവം ഉണ്ട്, അത് കേവലം 15 – മിനിട്ട് കൊണ്ട് മനസ്സിലാക്കിച്ചു തരുവാൻ കഴിയില്ല. ഇതിൽ സമയം വേണം. ആദ്യമാദ്യം ഒരു സെക്കന്റിന്റെ കാര്യം കേൾപ്പിക്കണം, പരിധിയില്ലാത്ത ബാബ ദു:ഖം ഹരിച്ച് സുഖം നൽകുന്നവൻ, ആ ബാബയുടെ പരിചയം നൽകണം. ബാബ നമ്മൾ എല്ലാ ആത്മാക്കളുടേയും അച്ഛനാണ്. നമ്മൾ എല്ലാ ബി കെ – യും ശിവബാബയുടെ ശ്രീമത്ത് അനുസരിച്ച് നടക്കുന്നു. ബാബ പറയുന്നു നിങ്ങൾ എല്ലാം സഹോദര – സഹോദരങ്ങളാണ്. ബാബ നമ്മുടെ അച്ഛനാണ്. ബാബ 5000 – വർഷം മുമ്പും വന്നിരുന്നു, അതിനാൽ ശിവജയന്തിയും ആഘോഷിക്കുന്നു. സ്വർഗ്ഗത്തിൽ യാതൊരു ആഘോഷവും ഇല്ല. ശിവജയന്തിയുണ്ടാകുന്നു, അതിനെ പിന്നീട് ഭക്തി മാർഗ്ഗത്തിൽ ഓർമ്മ ചിഹ്നത്തിന്റെ രൂപത്തിൽ ആഘോഷിക്കുന്നു. ഇത് ഗീതാ എപ്പിസോഡ് നടന്നുകൊണ്ടിരിക്കുന്നു. ബ്രഹ്മാവിലൂടെ പുതിയ ലോകത്തിന്റെ സ്ഥാപന, ശങ്കരനിലൂടെ പഴയ ലോകത്തിന്റെ വിനാശം ചെയ്യിക്കുന്നു. ഇപ്പോൾ ഈ പതീതമായ ലോകത്തിന്റെ വായൂമണ്ഡലം നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു, ഈ പതീതമായ ലോകത്തിന്റെ വിനാശം തീർച്ചയായും സംഭവിക്കണം, അതിനാൽ പറയുന്നു പാവനമായ ലോകത്തിലേയ്ക്ക് കൊണ്ടു പോകൂ. അളവററ ദു:ഖമാണ്, – യുദ്ധം, മരണം, വിധവയാകുക, ശരീരഹത്യ ചെയ്യുക..... സത്യയുഗം അപാരസുഖത്തിന്റെ രാജ്യമാണ്. ഈ ലക്ഷ്യത്തിന്റെ ചിത്രം തീർച്ചയായും അവിടെ കൊണ്ടുപോകണം. ഈ ലക്ഷ്മി – നാരായണൻ വിശ്വത്തിന്റെ അധികാരിയായിന്നു. 5000 – വർഷത്തിന്റെ കാര്യം കേൾപ്പിക്കണം

– ഇവർ എങ്ങനെ ഈ ജന്മം നേടി ? ഇതാകുവാൻ എന്ത് കർമ്മം ചെയ്തു ? കർമ്മം – അകർമ്മം – വികർമ്മം ഇതിന്റെ ഗതി ബാബ മനസ്സിലാക്കിച്ചു തരുന്നു. സത്യയുഗത്തിലെ കർമ്മം അകർമ്മമാണ്. ഇവിടെ രാവണ രാജ്യമായതു കാരണം കർമ്മം വികർമ്മമാകുന്നു അതിനാൽ ഇതിനെ പാപാത്മാക്കളുടെ ലോകമെന്ന് പറയുന്നു. കൊടുക്കൽ – വാങ്ങൽ പോലും പാപാ അത്മാക്കളുമായിട്ടാണ്. വയററിൽ കുട്ടി ഉണ്ടായിട്ടുപോലും എൻഗേജ്മെന്റ് നടത്തുന്നു. എത്ര ക്രിമിനൽ ദൃഷ്ടിയാണ്. ഇവിടെ ക്രിമിനൽ ദൃഷ്ടി. സത്യയുഗത്തിൽ സിവിൽ (നിർവ്വികാരി ) ദൃഷ്ടി. ഇവിടെ കണ്ണുപോലും വളരെ പാപം ചെയ്യുന്നു. അവിടെ യാതൊരു പാപവും ചെയ്യുന്നില്ല. സത്യയുഗം മുതൽ കലിയുഗാന്ത്യം വരയുള്ള ഹിസ്റ്ററി – ജ്യോഗ്രഫി ആവർത്തിക്കുന്നു. ഇത് അറിയുക തന്നെ വേണമല്ലോ. ദു:ഖധാം, സുഖധാം എന്തുകൊണ്ട് പറയുന്നു? മുഴുവൻ ആധാരവും പതീതവും പാവനവുമാകുന്നതിലാണ്, അതിനാൽ ബാബ പറയുന്നു കാമ വികാരം മഹാശത്രുവാണ്, ഇതിന്റെ മേൽ വിജയം നേടുന്നതിലൂടെ നിങ്ങൾ ജഗത് ജീത്താകും. അരകല്പം പവിത്ര ലോകമാണ്, അവിടെ ശ്രേഷ്ഠ ദേവതമാരായിരുന്നു. ഇപ്പോൾ ഭ്രഷ്ഠാചാരിയായി. ഒരു ഭാഗത്ത് പറയുന്നു ഇത് ഭ്രഷ്ഠാചാരി ലോകമാണ്, പിന്നീട് എല്ലാവരേയും ശ്രീ ശ്രീ എന്നും പറയുന്നു, എന്താണോ വായിൽ വരുന്നത് അത് പറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് എല്ലാം മനസ്സിലാക്കണം. ഇപ്പോൾ മരണം മുന്നിൽ നിൽക്കുകയാണ്. ബാബ പറയുകയാണ് ഒരേയൊരു ബാബയെ ഓർമ്മിക്കൂ അപ്പോൾ പാപം ഇല്ലാതാകും. നിങ്ങൾ സതോപ്രധാനമാകും. സുഖധാമിന്റെ അധികാരിയാകും. ഇപ്പോൾ ദു:ഖമാണ്. എത്രതന്നെ അവർ കോൺഫറൻസ്, സംഘടനം നടത്തിക്കോട്ടേ, പക്ഷേ ഇതിലൂടെ ഒന്നും സംഭവിക്കില്ല. ഏണിപ്പടി ഇറങ്ങി താഴേയ്ക്ക് തന്നെ വന്നു. ബാബ തന്റെ കർത്തവ്യം തന്റെ കുട്ടികളിലൂടെ ചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങൾ വിളിച്ചിരുന്നല്ലോ പതീത – പാവനാ വരൂ, അതിനാൽ ബാബ തന്റെ സമയത്ത് വന്നിരിക്കുന്നു. യദാ യദാഹി ധർമ്മസ്യാ...... ഇതിന്റെ അർത്ഥം പോലും അറിയുന്നില്ല. വിളിക്കുന്നു അതിനാൽ തീർച്ചയായും സ്വയം പതീതമാണ്. ബാബ പറയുന്നു രാവണൻ നിങ്ങളെ പതീതമാക്കി, ഇപ്പോൾ ബാബ പാവനമാക്കുവാൻ വന്നിരിക്കുന്നു. അത് പാവന ലോകമായിരുന്നു, ഇപ്പോൾ പതീതമായി. അഞ്ച് വികാരം എല്ലാവരിലുമുണ്ട്, അപരം അപാരം ദു:ഖമാണ്. എല്ലാ ഭാഗത്തും അശാന്തി തന്നെ അശാന്തി. എപ്പോഴാണോ നിങ്ങൾ പൂർണ്ണമായും തമോപ്രധാനം, പാപ ആത്മാവാകുന്നത് അപ്പോൾ ബാബ വരുന്നു. ആരാണോ ബാബയെ സർവ്വവ്യാപിയെന്ന് പറഞ്ഞ് അപകാരം ചെയ്തത്, അങ്ങനെയുള്ളവരുടെ പോലും ഉപകാരം ചെയ്യുവാൻ ബാബ വരുന്നു. ഈ പതീത രാവണ ലോകത്ത് വരൂ എന്ന് പറഞ്ഞ് നിങ്ങൾ ബാബയെ ക്ഷണിച്ചിരുന്നു. പതീത ശരീരത്തിൽ വരൂ. ബാബയ്ക്കും രഥം വേണമല്ലോ. പാവന രഥം വേണമെന്നില്ല. രാവണ രാജ്യത്തിൽ എല്ലാം പതീതമാണ്, പാവനമാരും തന്നെയില്ല. എല്ലാവരും വികാരത്തിലൂടെ ജന്മം എടുക്കുന്നു . ഇത് വികാരി ലോകം, അത് നിർവികാരി ലോകം. ഇപ്പോൾ നിങ്ങൾ തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനം എങ്ങനെയാകും? പതീത – പാവനൻ ബാബയാണ്. ബാബയുമായി യോഗം വയ്ക്കൂ, ഭാരതത്തിന്റെ പ്രാചീന രാജയോഗം ഇതാണ്. തീർച്ചയായും കുടുംബ മാർഗ്ഗത്തിലാണ്. വരുന്നതും നോക്കൂ എത്ര അതിശയമാണ്, ഇത് (ബ്രഹ്മാ ) പിതാവുമാണ്, മാതാവുമാണ് എന്തുകൊണ്ടെന്നാൽ ഗൗ മുഖം വേണം, അതിലൂടെയാണ് അമൃത് വരുന്നത്. അപ്പോൾ ഇത് അമ്മയും – അച്ഛനുമായി, പിന്നീട് മാതാക്കളെ സംരക്ഷിക്കുന്നതിനു വേണ്ടി സരസ്വതിയെ ഹെഡാക്കി, ആ സരസ്വതിയെ പറയും ജഗതംബ. കാളി മാതാവുമാണ്. എന്താ അത്രയും കറുത്ത ശരീരം ആർക്കെങ്കിലും ഉണ്ടോ? കൃഷ്ണനെ കറുപ്പിച്ച് കാണിച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ കാമ വികാരത്തിന്റെ ചിതയിൽ ഇരുന്ന് കറുത്തുപോയി. കൃഷ്ണൻ തന്നെയാണ് കറുത്തതും, പിന്നീട് വെളുത്തതാകുന്നതും. ഈ എല്ലാ കാര്യങ്ങളും മനസ്സിലാക്കുന്നതിന് സമയം വേണം. കോടിയിലും ചിലർ അതിലും ചിലരുടെ ബുദ്ധിയിൽ മാത്രമേ ഇത് ഇരിക്കുകയുള്ളൂ, എന്തുകൊണ്ടെന്നാൽ എല്ലാവരിലും അഞ്ച് വികാരം പ്രവേശിച്ചിരിക്കുന്നു. നിങ്ങൾ ഈ കാര്യങ്ങൾ സഭയിൽ പോലും മനസ്സിലാക്കിച്ചു കൊടുക്കൂ എന്തുകൊണ്ടെന്നാൽ ആർക്കും പറഞ്ഞുകൊടുക്കുവാനുള്ള അധികാരമുണ്ട്. അങ്ങനെയുള്ള ചാൻസ് എടുക്കണം. ഒഫിഷ്യൽ സഭയിൽ ആരും ഇടയ്ക്ക് ചോദ്യം ഉന്നയിക്കില്ല. കേൾക്കുവാൻ ആഗ്രഹിക്കുന്നില്ലായെങ്കിൽ ശബ്ദം ഉണ്ടാക്കാതെ ശാന്തിയോടെ പോകൂ. ഇങ്ങനെ – ഇങ്ങനെ ഇരുന്ന് മനസ്സിലാക്കിച്ചുകൊടുക്കൂ – ഇപ്പോൾ അപാര ദു:ഖമാണ്. ദു:ഖത്തിന്റെ പർവ്വതം വീഴാനിരിക്കുന്നു. നമ്മൾ ബാബയെ, രചനയെ അറിഞ്ഞിരിക്കുന്നു. നിങ്ങൾക്ക് ഒരാളുടെ പോലും കർത്തവ്യം അറിയില്ല, ബാബ ഭാരതത്തെ സ്വർഗം എപ്പോൾ എങ്ങെനെയാക്കി – ഇത് നിങ്ങൾ അറിയുന്നില്ല, വരൂ എങ്കിൽ മനസ്സിലാക്കിച്ചുതരാം. 84– ജന്മം എങ്ങനെ എടുക്കുന്നു. 7 – ദിവസത്തെ കോഴ്സ് എടുക്കൂ എങ്കിൽ 21 – ജന്മത്തേയ്ക്ക് പാപാത്മാവിൽ നിന്ന് പുണ്യാത്മാവാകും. ശരി

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കായുള്ള മുഖ്യ സാരം :-**

1) കർമ്മം - അകർമ്മം - വികർമ്മത്തിന്റെ ഗുഹ്യ ഗതി എതൊന്നാണോ ബാബ മനസ്സിലാക്കി തന്നത്, അത് ബുദ്ധിയിൽ വച്ച് പാപ ആത്മാക്കളുമായി ഇപ്പോൾ കൊടുക്കൽ - വാങ്ങൽ ചെയ്യരുത്.

2) ശ്രീമതത്തിലൂടെ തന്റെ ബുദ്ധിയോഗം ഒരു ബാബയിൽ അർപ്പിക്കണം. സതോപ്രധാനമാകുന്ന പുരുഷാർത്ഥം ചെയ്യണം. ദു:ഖധാമത്തെ സുഖധാമമാക്കുന്നതിനു വേണ്ടി പതീതത്തിൽ നിന്ന് പാവനമാകുന്ന പുരുഷാർത്ഥം ചെയ്യണം. ക്രിമിനൽ ദൃഷ്ടിയെ പരിവർത്തനം ചെയ്യണം.

**വരദാനം:- നോളജ്ഫുളായി സർവ്വ വ്യർത്ഥ ചോദ്യങ്ങളേയും യജ്ഞത്തിൽ സ്വാഹ ചെയ്യുന്ന നിർവ്വിഘ്നരായി ഭവിക്കൂ**

എപ്പോൾ ഏതെങ്കിലും വിഘ്നം വരുന്നോ അപ്പോൾ എന്ത്-എന്തുകൊണ്ട് എന്ന അനേകം ചോദ്യങ്ങളിലേക്ക് പോകുന്നു, പ്രശ്നചിത്തരാകുക അർത്ഥം പരവശരാകുക. നോളജ്ഫുളായി യജ്ഞത്തിൽ സർവ്വ വ്യർത്ഥ ചോദ്യങ്ങളേയും സ്വാഹ ചെയ്യൂ എങ്കിൽ താങ്കളുടേയും സമയം ലാഭിക്കും മറ്റുള്ളവരുടേയും സമയം ലാഭിക്കും, ഇതിലൂടെ സഹജമായി തന്നെ നിർവിഘ്നമായി തീരും. നിശ്ചയവും വിജയവും ജന്മ സിദ്ധ അധികാരമാണ് - ഈ ലഹരിയിൽ കഴിയുകയാണെങ്കിൽ ഒരിക്കലും പരവശരാകില്ല.

**സ്ലോഗൻ:- സദാ ഉത്സാഹത്തിൽ കഴിയുക മറ്റുള്ളവർക്കും ഉത്സാഹം നൽകുക - ഇതാണ് താങ്കളുടെ കർത്തവ്യം.**